പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7273 16.07.2012 - ൽ മറുപടിക്ക്**

**സപ്ലൈകോ പ്രീമിയം വിൽപ്പനശാലകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. പി.എ. മാധവൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സപ്ലൈകോ പ്രീമിയം വിൽപ്പന ശാലകൾ ആരംഭിക്കാനുദ്ദേശി ക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ), (ബി) & (സി)<br>സപ്ലൈകോ വിൽപ്പന നടത്തുന്ന അവശ്യ സാധനങ്ങൾക്ക് പുറമെ കേരളത്തിന്റെ തനത് ഉത്പന്നങ്ങളായ കശുവണ്ടി, സുഗന്ധ വ്യഞ്ജനങ്ങൾ, വെളിച്ചെണ്ണ സപ്ലൈകോയുടെ ശബരി ബ്രാൻഡഡ് ഉൽപന്നങ്ങൾ തുടങ്ങിയവ കേരളത്തിന് പുറത്തുള്ളവരെ പരിചയപ്പെടുത്തുന്നതിനും അതുവഴി സപ്ലൈകോ എന്ന ബ്രാൻഡ് ഇമേജ് രാജ്യവ്യാപകമായി പരിചയപ്പെടുത്തുന്നതിനും കേരളീയർ ധാരാളമുള്ള രാജ്യത്തെ പ്രധാന പട്ടണങ്ങളിൽ പ്രീമിയം ഔട്ട്ലെറ്റുകൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇപ്പോൾ നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ ഡൊമസ്റ്റിക് ടെർമിനലിലും ഇന്റർനാഷണൽ ടെർമിനലിലും ഓരോ പ്രീമിയം ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പുതിയ പ്രീമിയം വിൽപ്പന ശാലകൾ തുടങ്ങുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |
| ബി) പ്രസ്തുത വിൽപ്പനശാലകളുടെ ഉദ്ദേ ശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | |
| സി) എവിടെയൊക്കെയാണ് പ്രീമിയം വിൽപ്പനശാലകൾ തുടങ്ങാനുദ്ദേ ശിക്കുന്നത്; വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ